# സ്ഥാനാപതികൾ (Ambassadors)

*(പാസ്റ്റർ ജോൺ റ്റി. കുരിയൻ)*

ലോകത്തിലുള്ള ഏതൊരു രാജ്യത്തിൻെറയും ഗവൺമെൻറിനെ പ്രതിനിധീകരിച്ച് അവർ അംഗീകരിക്കുന്ന സകല രാജ്യങ്ങളിലും സ്ഥാനാപതികളെ (Ambassadors) അയയ്ക്കാ റുണ്ട്. ഉദാഹരണമായി ഇൻഡ്യയുടെ സ്ഥാനാ പതികൾ ഇൻഡ്യ അംഗീകരിച്ചിരിക്കുന്ന ലോകത്തിലെ എല്ലാ രാജ്യങ്ങളിലും സ്ഥാനാ പതികളെ നിയോഗിച്ചിട്ടുണ്ടല്ലോ. അങ്ങനെ അയയ്ക്കപ്പെടുന്നവർ അവർ ചെല്ലുന്ന രാജ്യത്ത് സ്ഥിരതാമസമാക്കി അവിടുത്തെ പൗരന്മാരായി ജീവിപ്പാൻ അനുവദിക്കുന്നില്ല. പ്രത്യുത അവർ പ്രതിനിധീകരിക്കുന്ന രാജ്യത്തിൻെറ അന്ത ആസത്തയും നിയമങ്ങളും പാലിച്ചുകൊണ്ട് അവരുടെ സ്വന്ത രാജ്യത്തിനുവേണ്ടി സംസാരി ക്കുന്നവരായിരിക്കണം. ഒരിക്കൽ ഒരു അമേരിക്കൻ അംബാസിഡർ ഇൻഡ്യയിൽ വന്ന് ഇൻഡ്യയിലെ ലളിതമായ ജിവിതരീതിയിൽ ആകൃഷ്ടനായി ഒരു ദിവസം സൈസക്കിളിൽ യാത്ര ചെയ്തത് ഇൻഡ്യൻ പത്രങ്ങൾ വാനോളം പ്രശംസിച്ചു പ്രസിദ്ധപ്പെടുത്തി. എന്നാൽ അമേരിക്കൻ ഗവൺ മെൻറ് ഇതറിഞ്ഞയുടനെ അദ്ദേഹത്തെ തിരികെ വിളിപ്പിച്ചിട്ട് പറഞ്ഞത് "അമേരിക്കൻ അംബാസഡർ ഒരു ഇൻഡ്യാക്കാരനെപ്പോലെ ജീവിക്കുവാനുള്ളവനല്ല, അമേരിക്കയെ ഇൻഡ്യയിൽ വെളിപ്പെടുത്തുന്ന വനായിരിക്കണം".

2 കൊരിന്ത്യർ 5-ാം അദ്ധ്യായം 20-ാം വാക്യത്തിൽ വിശുദ്ധ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക, "ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനാ പതികളായി (Ambassadors) ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു. അതെ, ഏതൊരു ദൈവ പൈതലും ഭൂമിയിൽ ക്രിസ്തുവിനു പകരം സംസാരിക്കുവാൻ നിയമിക്കപ്പെട്ട അംബാസിഡേ ഴ്സാണ്. ഭൂമിയിൽ ക്രിസ്തുവിൻെറ നാവ് നാം ഓരോരുത്തരുമാണ്. നാം മൗനമായിരുന്നാൽ ക്രിസ്തുവിന് എങ്ങനെ ഭൂമിയിൽ സംസാരിപ്പാൻ കഴിയും. പൗലോസ് ചങ്ങല ധരിച്ചു കൊണ്ടായാലും ക്രിസ്തുവിൻെറ സ്ഥാനാ പതിയായി സുവിശേഷത്തിൻെറ മർമ്മം പ്രാഗൽഭ്യ ത്തോടെ അറിയിപ്പാൻ ആഗ്രഹിച്ചു (എഫേസ്യർ 6:19) അതുകൊണ്ട് ഒരിക്കലും ലജ്ജിക്കേണ്ടി വന്നില്ല. സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല എന്നു സധൈര്യം പറഞ്ഞു എന്നു മാത്രമല്ല സുവിശേഷം വിശ്വസിക്കുന്ന ഏവനും അത് രക്ഷയ്ക്കായി ദൈവശക്തിയാകുന്നു എന്നു പ്രസ്താവിച്ചു (റോമർ 1 : 16) അതുകൊണ്ട് അഗ്രിപ്പാരാജാവിൻെറ മുൻപിൽ നിന്നുകൊണ്ട് സ്വർഗ്ഗീയ ദർശനത്തിനു അനുസരണക്കേടു കാണിക്കയില്ല എന്നു സധൈര്യം വെല്ലുവിളിച്ചു.

എന്നാൽ ഗിബെയോൻ നിവാസികൾ യോശുവയുടെ അടുക്കൽ അയച്ച സ്ഥാനാപതികൾ (Ambassadors) പറഞ്ഞത് വ്യാജവും ആവലാതികളും പരാധീനതകളും ആയിരുന്നു. ആകയാൽ അവർ തല്ക്കാലത്തേക്കുള്ള ആശ്വാസം പ്രാപിച്ചു എങ്കിലും പിന്നീട് വിറകു കീറുന്നവരും വെള്ളം കോരുന്നവരുമായി നിയമിക്കപ്പെട്ടു. (യോശുവ 9:4-27). ഹാ! എത്ര കഷ്ടം.

നാം നമ്മുടെ ആവലാതികളും ദുരിതങ്ങളും പറയുന്നതിനല്ല, നമ്മേ ജയോത്സവമായി നടത്തുന്ന കർത്താവിൻെറ സാക്ഷികളാകുവാനാണല്ലോ ക്രിസ്തുനാഥൻ നമ്മേ ആക്കിയിരിക്കുന്നത് .ഇഹലോകവാസം ക്ഷണികമെങ്കിലും നിത്യതയ്ക്കു വേണ്ടി ഒരുങ്ങുവാനും അനേകരെ ഒരുക്കുവാനും ദൈവം നമുക്കു കല്പ്പിച്ചു തന്നിരിക്കുന്ന കാര്യം നമുക്കു വിസ്മരിക്കാവതല്ല. നാം കർത്താവിൻെറ സാക്ഷികൾ ആകുവാൻ കഴിയുന്നില്ല, എന്നാൽ നമ്മുടെ വിഴുപ്പുകെട്ട് മറ്റുള്ളവരുടെ മുമ്പാകെ അഴിക്കുക മാത്രമല്ല, കൂട്ടുസഹോദരങ്ങളുടെയും സഭയുടെയും കുറ്റങ്ങളും കുറവുകളും അവിശ്വാസികളുടെ മുമ്പാകെ ഒരു നിയന്ത്രണവ ുമില്ലാതെ പറയാ-തയിരുപ്പാനും മറന്നു പോകുന്നു. കർത്താവിൻെറ ദീർഘക്ഷമയെ നാം കരുതലോടെ കണക്കാക്കി കർത്താവിനുവേണ്ടി നില്ക്കാം.

നാം ഈ ലോകത്തിൽ വസിക്കുന്നവരെങ്കിലും ലോകക്കാരാകുവാൻ അനുവാദമില്ലല്ലോ. ലോകം നമ്മുടെ ഉള്ളിൽ കയറാതെ ലോകത്തിൽ പരദേശികളായി ജീവിച്ച് നമ്മുടെ ഉദ്യോഗകാലം വിശ്വസ്ഥതയോടെ കഴിക്കാം. അംബാസിഡർ ജോലി കഴിഞ്ഞ് നമ്മുടെ നാട്ടിലേക്കു വിളിക്കുമ്പോൾ വിശ്വസ്തരായി പോകുവാൻ ഇടയാകണം. വിശ്വസ്ഥനായ സ്ഥാനാപതി സുഖം നല്കുന്നു (സദൃശവാക്യം 13:17) അങ്ങനെ, നന്ന് നല്ലവനും വിശ്വസ്ഥനുമായ ദാസനെ നീ വിശ്വസ്ഥനായിരിക്കുന്നു എന്നു നമ്മേ ഓരോരുത്തരെയും കുറിച്ച്, മഹാരാജാവ് പറയുവാൻ ഇടവരട്ടെ.

EBENEZER PENTECOSTAL CHURCH OF GOD. All Rights Reserved